# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുത്തിഗെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/848/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 18/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തിഗെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/848/2021 തീയ്യതി: 18/01/2022

## കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 22-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരുണ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ഡി.സുബ്ബണ്ണ ആൾവ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| കെ.ഹരീഷ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജയ് കുമാർ.എ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 12-04-2020 |
| സരിഷ് കുമാർ പി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 13-04-2020 | 30-06-2020 |
| ശ്രീജിത്ത്.പി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-07-2020 | 10-07-2020 |
| ജോയ് പി.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 11-07-2020 | 31-03-2021 |
| നഫീസത്ത് ഹംഷീന.ബി.എച്ച് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സുനിൽ.കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 16-10-2020 |
| സഞ്ജയ് കുമാർ.കെ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 17-10-2020 | 04-01-2021 |
| ജോൺസൻ.കെ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 05-01-2021 | 31-03-2021 |
| സുനിത.പി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസര് | 01-04-2020 | 31-03-2021 |
| ഡോ.നേഖ കൃഷ്ണൻ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-10-2020 |
| ഡോ.അതുൽ മോഹനൻ | വെറ്റിനറി സർജ്ജൻ | 01-11-2020 | 19-01-2021 |
| ഡോ.ജതിൻദാസ് രാജു | വെറ്റിനറി സർജ്ജൻ | 20-01-2021 | 31-03-2021 |
| ഡോ.രേഖ.എസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 04-02-2021 |
| ഡോ.ഗോപാലകൃഷ്ണ | മെഡിക്കൽ ഓഫീസർ അലോപ്പതി | 05-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.സീതാരത്ന.എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| സുരേഷ്.കെ.ആര് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| പുഷ്പരാജൻ എൻ.എസ് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-06-2020 | 07-07-2020 |
| ഷരീഫ്.കെ.എം | അസിസ്റ്റന്റ് സെക്രട്ടറി | 08-07-2020 | 04-08-2020 |
| പുഷ്പരാജൻ എൻ.എസ് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2020 | 17-08-2020 |
| തോമസ്.വി.പി | അസിസ്റ്റന്റ് സെക്രട്ടറി | 18-08-2020 | 31-03-2021 |
| അജയൻ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ബേബി സബിത | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രികയില്‍ കണ്ടെത്തിയ അപാകതകള്‍.<br>Written By: Jayananda. H (Audit Officer, On 29-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2 |
| 3 | പ്രയര്‍ പിരീഡ് എക്സ്പെന്‍സസിന്റെ രേഖകള്‍ ഹാജരാക്കിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 29-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-1 |
| 4 | ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പ് വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jayananda. H (Audit Officer, On 29-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-2 |
| 5 | ലോണ്‍ രജിസ്റ്റര്‍ തയ്യാറാക്കി കാലികമാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-3 |
| 6 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-4 |
| 7 | അഡ്വാന്‍സ്, ഡെപ്പോസിറ്റ് രജിസ്റ്ററുകള്‍ യഥാവിധി പരിപാലിക്കുന്നില്ല<br>Written By: Jayananda. H (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-5 |
| 8 | റീകണ്‍സിലിയേഷന്‍ സ്റ്റേറ്റ്മെന്റുകള്‍ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Jayananda. H (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-6 |
| 9 | വാര്‍ഷിക കണക്കുമായി യോജിക്കുന്നില്ല<br>Written By: Jayananda. H (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-7 |
| 10 | താഴെ പറയുന്ന ബാങ്ക് പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-2-8 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-3 |
| 12 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-4 |
| 13 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Janardanan C (Senior Grade Auditor, On 26-11-2021) | 1-6 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-9 |
| 18 | മറ്റ ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-10 |
| 19 | തൊഴിൽ നികുതി അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-11 |
| 20 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 01-12-2021) | 1-12 |
| 21 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 01-12-2021) | 1-13 |
| 22 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 01-12-2021) | 1-14 |
| 23 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-15 |
| 24 | കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-16 |
| 25 | ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 1-17 |
| 26 | പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 11-01-2022) | 1-18 |
| 27 | ദുരിതാശ്വാസ നിധി പ്രവർത്തനമില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-11-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-19 |
| 28 | ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതം നൽകൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-11-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-20 |
| 29 | ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-21 |
| 30 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-11-2021) | 1-22 |

| | | |
|---|---|---|
| | Last Updated By: Jayananda. H (Audit Officer, On 04-01-2022) | |
| 31 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-11-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-23 |
| 32 | തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-11-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-24 |
| 33 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 05-01-2022)<br>Last Updated By: Yadavakumara. C.H (Asst. Audit Officer, On 05-01-2022) | 1-25 |
| 34 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-26 |
| 35 | കൃഷി ഓഫീസർ- വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിപ്പിലെ അപാകത<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-27 |
| 36 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-28 |
| 37 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-29 |
| 38 | വയോജനങ്ങൾക്ക് കട്ടിൽ- അപാകത നിർവ്വഹണ ഉദ്യോഗസ്ഥൻ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-30 |
| 39 | വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിപ്പിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-31 |
| 40 | കേരള സംസ്ഥാന സാക്ഷരതാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-32 |
| 41 | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-33 |
| 42 | ഭവനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Jayananda. H (Audit Officer, On 02-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 1-34 |
| 43 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും വിതരണം ചെയ്ത സാമൂഹ്യ സുരക്ഷ പെൻഷൻ തുകയായ 2,18,800 രൂപയിൽ 1,37,100/-രൂപ ഡി.ബി.ടി സെല്ലിലേക്ക് തിരിച്ചടച്ചു.<br>Written By: Janardanan C (Senior Grade Auditor, On 03-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-35 |
| 44 | അഗതി രഹിത കേരളം (DFK-Destitute Free Keralam)- പ്രവർത്തനം | 1-36 |

| | | |
|---|---|---|
| | മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് - 7,70,014/- ലക്ഷം രൂപ<br>Written By: Yadavakumara. C.H (Asst. Audit Officer, On 06-12-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | |
| 45 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല-<br>Written By: Gopalakrishna Nayik (Audit Officer, On 08-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 04-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം.<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: Jayananda. H (Audit Officer, On 25-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: Jayananda. H (Audit Officer, On 25-11-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: Jayananda. H (Audit Officer, On 25-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: Jayananda. H (Audit Officer, On 25-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: Jayananda. H (Audit Officer, On 04-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | Written By: Jayananda. H (Audit Officer, On 25-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1തീയതി 28-03-2020 | 5/1തീയതി 15-02-2021 |
| മുന്നിരിപ്പ് | 97,81,428 | 1,31,09,101 |
| വരവ് | 13,48,45,333 | 15,06,30,396 |
| ആകെ | 14,46,26,761 | 16,37,39,497 |
| ചെലവ് | 13,99,30,273 | 15,65,51,088 |
| നീക്കിയിരിപ്പ് | 46,96,488 | 71,88,409 |

### 1-2 വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101-പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹37,963/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

#### 1-2-2 ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പ് വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| 2019-20 B 9 പ്രകാരം ഒടുക്കാനുള്ള തുക (1) | 2020-21 RP 36 പ്രകാരം ലഭിച്ച തുക (2) | 2020-21 RP 36 പ്രകാരം ഒടുക്കിയ തുക (3) | 2020-21 B 9 പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | ഒടുക്കാൻ ബാക്കി വരേണ്ട തുക (1) + (2) – (3) |
|---|---|---|---|---|
| 2,08,208 | 1,40,639 | 1,99,232 | 1,53,482 | 1.49.615 |

#### 1-2-3 ലോൺ രജിസ്റ്റർ തയ്യാറാക്കി കാലികമാക്കിയിട്ടില്ല.

ലോൺ രജിസ്റ്റർ പ്രകാരവും കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക B5 സ്റ്റേറ്റ്മെന്റ് പ്രകാരവും 1,43,11,179/- രൂപയാണ്. എന്നാൽ ഈ തുക ലോൺ എടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലോൺ എടുത്തതിന്റെ വിവരങ്ങൾ ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

1-2-4 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

1-2-5 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ

1) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കിയിട്ടില്ല.

ബി) അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് തുകകളുടെ പേയ്മെന്റ് വൗച്ചർ നമ്പർ എഴുതുന്നില്ല. അതു പോലെത്തന്നെ അഡ്വാൻസ് തിരിച്ചടവുകൾ രേഖപ്പെടുത്തുമ്പോൾ രശീതി വൗച്ചറുകളുടെ നമ്പരുകളും രേഖപ്പെടുത്തുന്നില്ല.

1-2-6 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പിന്റെ റീക്കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued But Not Presented Into Bank, Directly Credited Into Bank, Directly Debited By Bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-2-7 വാർഷിക കണക്കുമായി യോജിക്കുന്നില്ല

1.മുൻ വർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.ടെണ്ടർ ഫോറത്തിന്റെ വിൽപ്പന- രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3. ഐ.സി.ഡി.എസ്., TSC മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള വരവുകൾ തുടങ്ങിയ ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

4.ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

6) തൊഴിൽ രഹിത വേതനം ₹2,160 വരവും ചെലവും ഉണ്ടെങ്കിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ

സ്റ്റേറ്റ്മെന്റിലും റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ചേർത്തിട്ടില്ല.

7)ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 3,04,318/- രൂപ ഉണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8) സഞ്ചയ പ്രകാരമുള്ള റസിഡൻഷ്യൽ വസ്തു നികുതി, നോൺ- റസിഡൻഷ്യൽ വസ്തു നികുതി കളക്ഷൻ, കറന്റ് ഡിമാന്റ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി യോജിക്കുന്നില്ല. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

A)റസിഡൻഷ്യൽ വസ്തു നികുതി,

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി അരിയർ ഡിമാന്റ് | 4,15,654 (B-15 2019-20) | 4,57,615 | 41,961 |
| 2 | വസ്തു നികുതി അരിയർ ബാക്കി | 2,74,395 (B-15) | 1,74,995 | 99,400 |
| 3 | വസ്തു നികുതി കറന്റ് ബാക്കി | 1,74,991(B-15) | 274392 | 99,401 |

B)നോൺ- റസിഡൻഷ്യൽ വസ്തു നികുതി

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി അരിയർ ഡിമാന്റ് | 3,99,165(B-15 18-19) | 4,52,004 | 52,839 |
| 2 | വസ്തു നികുതി അരിയർ ബാക്കി | 1,05,388 (B-15) | 2,01,591 | 96,203 |
| 3 | വസ്തു നികുതി കറന്റ് ബാക്കി | 2,01,407 (B-15) | 1,05,204 | 96,203 |

### 1-2-8 താഴെ പറയുന്ന ബാങ്ക് പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) ട്രഷറി തനത് ഫണ്ട് -VPFA1,2

2) ട്രഷറി –കോവിഡ് -0493

3) എസ്.ബി.ഐ. -OAP-510

4) എസ്.ബി.ഐ.-MP Fund-4751

5) ട്രഷറി സ്പെഷല് TSB Joint Venture 686

6)Mugu SC Bank 976

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 2,28,82,484 |
| വരവ് | 64078158 |
| ആകെ | 8,69,60,642 |
| ചെലവ് | 6,97,67,970 |
| നീക്കിയിരിപ്പ് | 1,71,92,672 |

1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 1,09,96,814 | 1,09,96,814 | 1,31,88,003 | (-) 21,91,189 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 22,90,561 രൂപ അടക്ക മുള്ള വരവു ചെലവു കളാണ് പട്ടിക യിൽ ചേർത്തി ട്ടുള്ളത്. |
| വികസന ഫണ്ട് എസ്.സി.പി. | 0 | 30,20,706 | 30,20,706 | 31,64,106 | (-)1,43,400 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,61,294 രൂപ അടക്കമുള്ള വരവു ചെലവു കളാണ് പട്ടിക യിൽ ചേർത്തി ട്ടുള്ളത്. |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 20,90,568 | 20,90,568 | 16,04,830 | 4,85,738 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,46,432 രൂപ അടക്കമുള്ള വരവു ചെലവു കളാണ് പട്ടിക യിൽ ചേർത്തി ട്ടുള്ളത്. |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 70,86,000 | 70,86,000 | 70,86,000 | 0 | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 37,57,607 | 37,57,607 | 32,32,137 | 5,25,470 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 1,02,23,739 | 1,02,23,739 | 63,35,433 | 38,88,306 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 51,70,000 | 51,70,000 | 13,06,564 | 38,63,436 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1,71,864 | 3,16,05,282 | 3,17,77,146 | 3,02,08,225 | 15,68,921 | |
| സമ്പൂർണ ശുചിത്വ പദ്ധതി | 90,492 | 0 | 90,492 | 0 | 90,492 | |
| ഐ.സി. ഡി.എസ് | 9,71,291 | 11,03,313 | 20,74,604 | 10,65,000 | 10,09,604 | |
| സംസ്ഥാനാ വിഷ്കൃത പദ്ധതികൾ- | | | | | | |
| സാക്ഷരത | 3,92,978 | 6,621 | 3,99,599 | 0 | 3,99,599 | |
| ജലനിധി | 6,83,499 | 21,784 | 7,05,283 | 0 | 7,05,283 | |
| നൂറ് തൊഴിൽ ദിനം പൂർത്തീകരി ച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 2,49,000 | 2,49,000 | 2,49,000 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,10,57,411 | 93,76,501 | 2,04,33,912 | 2,00,96,283 | 3,37,629 | |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 0 | 5,40,000 | 5,40,000 | 5,40,000 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 7,02,52,794 | 152 | 4,84,93,932 | 0 | 45 | 77.15 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 22 | 50,67,455 | 17 | 36,97,441 | 73 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 109 | 3,30,54,523 | 81 | 2,31,51,466 | 70 |
| 3 | കൃഷി ഓഫീസർ | 14 | 66,81,442 | 13 | 47,10,860 | 70.50 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-(1) | 15 | 1,42,34,893 | 11 | 89,73,666 | 63.03 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 44,20,500 | 6 | 33,67,301 | 76.17 |
| 6 | വെറ്ററിനറി സർജ്ജൻ | 4 | 8,89,000 | 4 | 7,45,244 | 84 |

| | | | | | | |
|---|---|---|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 3 | 14,59,027 | 3 | 10,90,008 | 74.70 |
| 9 | പ്രധാനാധ്യാപകൻ | 12 | 18,75,357 | 11 | 16,13,355 | 86.02 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 16,20,597 | 4 | 4,48,719 | 27.68 |
| 11 | മെഡിക്കൽ ഓഫീസർ-ആയൂർവേദ | 1 | 3,50,000 | 1 | 3,50,000 | 100 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 6,00,000 | 1 | 3,45,872 | 57.64 |
| | ആകെ | 197 | 7,02,52,794 | 152 | 4,84,93,932 | 69.02 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1,71,864 | 29,18,368 | 30,90,232 | 15,21,311 | 15,68,921 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,86,86,914 | 2,86,86,914 | 2,86,86,914 | 0 |
| ആകെ | 1,71,864 | 3,16,05,282 | 3,17,77,146 | 3,02,08,225 | 15,68,921 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 484 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 19,21,84,072/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 3,06,19,083/- രൂപയുടെ 342 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 79254 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 223 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,160 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 19,68,400 | 143 |
| വിധവാപെൻഷൻ | 1,23,99,000 | 880 |
| വാർദ്ധക്യകാലപെൻഷൻ | 1,66,61,200 | 1297 |
| വികലാംഗപെൻഷൻ | 40,08,000 | 20 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2,35,200 | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,40,000 | 18 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2021 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 19,880/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

പേഴ്സണൽ രജിസ്റ്റർ -

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 21 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 10 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 10 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-21 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നനില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയ ബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ

സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് . ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 3 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-07-2021 മുതൽ 13-07-2021 വരെ | 2020 ഡിസംബർ മുതൽ 2021 ജൂൺ വരെ | 26-07-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-12-2015 മുതൽ 22-12-2015 വരെ | 2010-11 മുതൽ 2014-15 വരെ | 20-01-2016 |

1-11 തൊഴിൽ നികുതി അപാകതകൾ

പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

| പേര് | തസ്തിക | സ്ഥാപനത്തിന്റെ പേര് | ആകെ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | ഏത് അർദ്ധ വർഷം |
|---|---|---|---|---|---|---|---|
| ഷിഹാബുദ്ദീൻ ടി എച്ച് | അസിസ്റ്റന്റ് (അക്കൗണ്ട്സ്) | ഹിന്ദുസ്ഥാൻ എയറോ നോട്ടിക്കൽ ലിമിറ്റഡ് | 5,88,880 | 836 | 1250 | 414 | ഒന്നാം അർദ്ധ വർഷം |

കൂടാതെ രണ്ടാം അർദ്ധവർഷം മേൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഷിഹാബുദ്ദീൻ ടി എച്ച് അസിസ്റ്റന്റ് (അക്കൗണ്ട്സ്), സുബ്രഹ്മണ്യൻ (അസിസ്റ്റന്റ്), ജഗദീഷ് ചന്ദ്ര (അസി.എഞ്ചിനിയർ) എന്നീ ജീവനക്കാർ യഥാക്രമം 627/-രൂപ, 627/-രൂപ, 418/-രൂപ എന്നിങ്ങനെയാണ് തൊഴിൽ നികുതിയായി ഒടുക്കിയത്. ടി ജീവനക്കാരുടെ ആകെ വരുമാനം പത്രികയിൽ നല്കിയിട്ടില്ല. വരുമാനം കാണിക്കാതെ തൊഴിൽ നികുതി ഈടാക്കിയതിനും തൊഴിൽ നികുതി കുറവായി ഒടുക്കിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.03/20-21 തീയതി 24-11-2021 ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

1-13 തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 6 റേഷൻ കടകളിൽ നിന്നും 2020-21 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന്

ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 160 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കുവരുത്തിയ തുകയിൽ നിന്നും മേൽ പ്രകാരം തുക മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-16 കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ, പുതുക്കുമ്പോഴോ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം) ഇതു കൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമ പഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ തന്നെ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കുശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്. അനധികൃത നിർമ്മാണങ്ങൾ /മാറ്റം വരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ തടയുന്നതിനും കെട്ടിടത്തിന്റെ യഥാർത്ഥ ഘടനയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് തല പരിശോധനകൾ കൂടുതലായി നടത്തേണ്ടതാണ്.

## 1-17 ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ കരാറുകാർ അടക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ്

എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് മാനേജ് മെന്റ് കമ്മിറ്റി /പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | 0123/20-21 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പുത്തിഗെ |
| അടങ്കൽ | 9,00,000/- രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 7,55,688 /-രൂപ |

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ (2020-21) 23-09-2020, 15-01-2021, 23-02-2021, എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക). എന്നാൽ ഈ കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും 2020-21 സാമ്പത്തിക വർഷത്തിൽ 22-01-2021 ന് മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.4/21 തീയതി 26-11-2021) കോവിഡ് രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിലാണ് കമ്മിറ്റികൾ യഥാസമയം ചേരാത്തതെന്ന് അറിയിച്ചിട്ടുണ്ട്. കമ്മിറ്റികൾ കൃത്യമായി ചേരാനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

1-19 ദുരിതാശ്വാസ നിധി പ്രവർത്തനമില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ

ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിചിട്ടുണ്ട്. പുത്തിഗെ ഗ്രാമ പഞ്ചായത്ത് കേരള ഗ്രാമീണ ബാങ്കിന്റെ സീതാംഗോളി ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 10999) ആരംഭിച്ചിട്ടുണ്ട്. ഈ സീറോ ബാലൻസ് അക്കൗണ്ടിൽ തുകയൊന്നും തന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിൽ നിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. ദുരിതാശ്വാസ നിധി ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

1-20 ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2020-21 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന തുക ഐ.കെ.എം നളള പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0002/2021 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 123/ 25.11.2020 75,000/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഇപ്രകാരം ഐ.കെ.എം ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 75,000/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 07 /29.11.2021 )

1-21 ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 22100120/01.06.2021 (ചെക്ക് നം.44313/01.06.2021) വൗച്ചർ നം.പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 3,70,000/-രൂപയും ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | തോമസ് വി.പി.,അസി.സെക്രട്ടറി | 64,269/- |
| 2 | പുഷ്പ രാജൻ ,ഹെഡ് ക്ലാർക്ക് | 57,054/- |
| 3 | അബ്ദുൾ ബഷീർ | 45,843/- |
| 4 | തൻവീർ സി.എച്ച്. സീനിയർ ക്ലാർക്ക് | 46,943/- |

| | | |
|---|---|---|
| 5 | അനസൂയ എസ്.ബി. സീനിയർ ക്ലാർക്ക് | 45,843/- |
| 6 | അൻജു കുമാർ പി.വി. സീനിയർ ക്ലാർക്ക് | 41`,514/- |
| 7 | അജിത് കുമാർ എസ്. ക്ലാർക്ക് | 41,514/- |
| 8 | സുനില ടി.വി. ഓഫീസ് അറ്റൻഡന്റ് | 27,308/- |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്.

## 1-22 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21 ൽ 1,67,010/- കെ.എസ്.ഇ.ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യും ഗ്രാമ പഞ്ചായത്തും നാളിതു വരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല-. കത്താത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 05 /19.11.2021)

## 1-23 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | S0141/21 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി കോളനികളിൽ കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1,79,982/- രൂപ (വികസന ഫണ്ട്-എസ്.സി.പി.) |
| ചെലവ് തുക | 1,79,982/- (വികസന ഫണ്ട്-എസ്.സി.പി.) |
| ബിൽ നം നമ്പർ, | 1/14.05.2021 |

| തീയതി | |
|---|---|

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നമ്പർ S00141/21 പ്രകാരം പട്ടികജാതി കോളനികളിൽ കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുക എന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. കേടായ 81 എണ്ണം 12 വോൾട്ട് എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വിവിധ വാർഡുകളിലെ പട്ടികജാതി കോളനികളിൽ മാറ്റി സ്ഥാപിക്കുന്നത്. കേടായ തെരുവു വിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങി മാറ്റി സ്ഥാപിക്കുന്നതിന് 18-11-2020 തീയതിയിലെ 2/3 നമ്പർ തീരുമാന പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതനുസരിച്ച് ഇൻവോയ്സ് നമ്പർ. KREWS/ 217/ 19-20 Dt. 19-02-2020 പ്രകാരം 81എണ്ണം 12 വോൾട്ട് എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വാങ്ങിയത്. പ്രസ്തുത പ്രോജക്റ്റിന്റെ തുക മാറുന്നതിനായി 30-03-2020 ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ബിൽ ക്യൂബിൽ ആയതിനാൽ ഈ പ്രോജക്റ്റ് സ്പിൽഓവറായി (പ്രോജക്റ്റ് നം. S0141) നടത്തിയാണ് തുക കേരള റൂറൽ എംപ്ലോയ് മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് നൽകിയത്.

പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ പറയുന്നു.

1) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ, ഇനം, എണ്ണം Etc.) ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

3) സർക്കാർ ഉത്തരവ് (എം. എസ്) 1093/2017 തസ്വഭവ തി. 5.4.2017 പ്രകാരം ആണ് ക്രൂസിൽ നിന്നും എൽ.ഇ.ഡി.വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും പ്രകാരം ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല.

4)തെരുവു വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ മിനുറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ 1,79,982/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 9 തീയതി 29-11-2021).

1-24 തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് നം. | S0153/21 |
| പ്രോജക്ടിന്റെ പേര് | കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,42,188/- രൂപ (ധനകാര്യകമ്മിഷൻ) |
| ചെലവ് തുക | 3,42,188/- രൂപ |
| ബിൽ നമ്പർ, തീയതി | 124/2021 -25.11.2020 |

മേൽ നമ്പർ പ്രോജക്ട് പ്രകാരം കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. കേടായ 154 എണ്ണം 12 വോൾട്ട് എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വിവിധ വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ മാറ്റി സ്ഥാപിക്കുന്നത്. കേടായ തെരുവു വിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങി മാറ്റി സ്ഥാപിക്കുന്നതിന് 20-12-2020 തീയ്യതിയിലെ 2/3 നമ്പർ തീരുമാന പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതനുസരിച്ച് ഇൻവോയ്സ് നമ്പർ. KREWS/216/ 19-20 Dt. 19-02-2020 പ്രകാരം 81എണ്ണം 12 വോൾട്ട് എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വാങ്ങിയത്. പ്രസ്തുത പ്രോജക്ടിന്റെ തുക മാറുന്നതിനായി 30-03-2020 ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ബിൽ ക്യൂബിൽ ആയതിനാൽ ഈ പ്രോജക്ട് സ്പിൽഓവറായി (പ്രോജക്ട് നം. S0141) നടത്തിയാണ് തുക കേരള റൂറൽ എംപ്ലോയ് മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് നൽകിയത്.

പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ, ഇനം, എണ്ണം Etc.) ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

3) സർക്കാർ ഉത്തരവ് (എം. എസ്) 1093/2017 തസ്വഭവ തി. 5.4.2017 പ്രാകാരം ആണ് ക്രൂസിൽ നിന്നും എൽ.ഇ.ഡി. വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും പ്രകാരം ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല.

4)തെരുവു വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന

നടത്തിയിയതിന്റെ മിനറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ 3,42,188/- രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 10 തീയ്യതി 29-11-2021)

## 1-25 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.

